**പതിമൂന്നാം കേരള നിയമസഭ**

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2011–2014)

## നാലാമത് റിപ്പോർട്ട്

(2012 ഡിസംബർ 19-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**സംസ്ഥാനത്തെ റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗം സംബന്ധിച്ച്**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2012

പതിമൂന്നാം കേരള നിയമസഭ

# പരിസ്ഥിതി സംബന്ധിച്ച സമിതി
## (2011–2014)

## നാലാമത് റിപ്പോർട്ട്

(2012 ഡിസംബർ 19–ാം തീയതി സഭയിൽ സമർപ്പിച്ചത്)

**സംസ്ഥാനത്തെ റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗം സംബന്ധിച്ച്**

26/2013.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| ആമുഖം | .. | ix |
| റിപ്പോർട്ട് | .. | 1 |

## പരിസ്ഥിതി സംബന്ധിച്ച സമിതി (2011–2014)

### സമിതിയുടെ ഘടന

അദ്ധ്യക്ഷൻ :

ശ്രീ. സി. പി. മുഹമ്മദ്.

അംഗങ്ങൾ :

ശ്രീ. റ്റി. എ. അഹമ്മദ് കബീർ

,, എ. എം. ആരിഫ്

,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ

പ്രൊഫ. സി. രവീന്ദ്രനാഥ്

ശ്രീ. മുല്ലക്കര രത്നാകരൻ

,, കെ. എം. ഷാജി

,, എം. വി. ശ്രേയാംസ് കുമാർ

,, പി. സി. വിഷ്ണുനാഥ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

,, കെ. പ്രിയദർശനൻ, ജോയിന്റ് സെക്രട്ടറി

ശ്രീമതി എ. ജനറ്റ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. പി. ഹരി, അണ്ടർ സെക്രട്ടറി.

## അവതാരിക

പരിസ്ഥിതി സംബന്ധിച്ച സമിതി (2011-2014) യുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ നാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ഈ റിപ്പോർട്ട് 2012 ഡിസംബർ 17-ാം തീയതി കൂടിയ സമിതി യോഗം അംഗീകരിച്ചു.

സി. പി. മുഹമ്മദ്,

*ചെയർമാൻ,*
*പരിസ്ഥിതി സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2012, ഡിസംബർ 17.

# ആമുഖം

സംസ്ഥാനത്തെ നദികളെ സംരക്ഷിക്കുന്നതിനായി സംസ്ഥാന സർക്കാർ പാസ്സാക്കിയ 2001-ലെ 'കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ആക്റ്റി'ലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിൽ ബന്ധപ്പെട്ടവർ വേണ്ടത്ര ശുഷ്കാന്തി കാട്ടുന്നില്ലായെന്നും ആക്റ്റ് പ്രകാരം സ്വരൂപിക്കുന്ന റിവർ മാനേജ്മെന്റ് ഫണ്ട് യഥാവിധം വിനിയോഗിക്കുകയാണെങ്കിൽ സംസ്ഥാനത്തെ നദികളുടെ ഇന്നത്തെ ശോച്യാവസ്ഥ പരിഹരിക്കുവാൻ സാധിക്കുമെന്ന് സമിതി വിലയിരുത്തുകയും അതിന്റെ അടിസ്ഥാനത്തിൽ റിവർ മാനേജ്മെന്റ് ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തു.

സമിതി നടത്തിയ ചർച്ചയുടെ ഫലമായി ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ റിവർ മാനേജ്മെന്റ് ഫണ്ട് യഥാവിധം വിനിയോഗിക്കുന്നതിനായി സമിതി എത്തിച്ചേർന്ന നിഗമനങ്ങളും നിർദ്ദേശങ്ങളും ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

# റിപ്പോർട്ട്

ദേശങ്ങളുടെ ഭൂപ്രകൃതിയെ നിർണ്ണയിക്കുന്നതിൽ സുപ്രധാന സ്വാധീന ഘടകമാണ് നദികൾ. മനുഷ്യൻ ദൈനംദിന ജീവിതത്തിന് ആശ്രയിച്ചിരുന്നത് നദികളെ യാണെന്ന് പുരാതനകാലം മുതൽ ഇങ്ങോട്ടുള്ള കാലഘട്ടങ്ങളിൽ ഉദയം ചെയ്ത സംസ്കാരങ്ങളുടെയും നാഗരികതയുടെയും ചരിത്രം പരിശോധിച്ചാൽ മനസ്സിലാക്കാ വുന്നതേയുള്ളൂ. വാണിജ്യ-വ്യവസായങ്ങളും കൃഷിയും അഭിവൃദ്ധി പ്രാപിച്ചത് നദിയുടെ സാന്നിദ്ധ്യം കൊണ്ടാണ്. ആധുനിക കാലഘട്ടത്തിൽ മനുഷ്യൻ ഭാവിതലമുറയെപ്പറ്റി ചിന്തിക്കാതെ യാതൊരു തത്വദീക്ഷയുമില്ലാതെ ക്ഷണികമായ സ്വാർത്ഥ താല്പര്യങ്ങൾക്കു വേണ്ടി നദികളെയും മറ്റു ജലാശയങ്ങളെയും ചൂഷണം ചെയ്യുന്നതിന്റെ ഫലമായി ഇവ മാരകമായ രോഗങ്ങളുടെ ഉറവിടങ്ങളായി മാറിക്കൊണ്ടിരിക്കുന്നു.

കേരളം ചെറുതും വലുതുമായ നാല്പത്തിനാലു നദികൾകൊണ്ട് ജലസമ്പന്ന മാണ്. കൂടാതെ അരുവികളും തോടുകളും പിന്നെ കായലുകളും വേറേയും. മറ്റ് ദേശങ്ങളിലേതെന്നപോലെ കേരളത്തിലെയും നഗരങ്ങൾ കേന്ദ്രീകരിക്കപ്പെട്ടിരിക്കുന്നത് ജലാശയങ്ങളുടെ തീരങ്ങളിലാണെന്നു കാണാം. പുരാതനകാലം മുതൽ സംസ്ഥാനത്തെ വ്യവസായവും വാണിജ്യവും അഭിവൃദ്ധി പ്രാപിച്ചത് നദികളുടെയും മറ്റു ജലാശയങ്ങളു ടെയും സ്വാധീനം കൊണ്ടാണ്. അതിനാൽ അന്ന് നദികളെയും മറ്റു ജലാശയങ്ങളെയും സംരക്ഷിക്കുന്നതിന് അധികാരികൾ പ്രത്യേക ശ്രദ്ധ നൽകിയിരുന്നു. എന്നാൽ കാലം മാറിയതോടെ മനുഷ്യൻ ധനസമ്പാദനത്തിനായി നദികളിലെ വിഭവങ്ങൾ ചൂഷണം ചെയ്യുന്നതിൽ മത്സരിക്കുവാൻ തുടങ്ങി. നദികളിൽ നിന്നും ക്രമാതീതമായി മണൽ വാരുകയും നദീതീരങ്ങളിലെ വൃക്ഷങ്ങൾ മുറിച്ചുമാറ്റുകയും ചെയ്തതോടെ നദീതീരങ്ങൾ ഇടിയുന്നതിനും നദികളുടെ പ്രകൃത്യാ ഉള്ള ഗതിമാറി ഒഴുകുന്നതിനും കാരണമായി. കൂടാതെ യാതൊരു നിയന്ത്രണവുമില്ലാതെ ഫാക്ടറികളിലെയും ആശുപത്രികളിലെയും അറവുശാലകളിലെയും വീടുകളിലെയും മറ്റും അവശിഷ്ടങ്ങളും മാലിന്യങ്ങളും നദികളിലേക്കും മറ്റു ജലാശയങ്ങളിലേക്കും തള്ളുന്നതിനാൽ സംസ്ഥാനത്തെ നദികളിലെ ജലം മനുഷ്യന് ഉപയോഗിക്കാൻ സാധിക്കാത്ത അവസ്ഥയിലേക്ക് എത്തിയിരിക്കുന്നു.

നദികളുടെ നാശത്തിനു കാരണമായിത്തീരുന്ന പ്രവൃത്തികൾ തടയണമെന്നാവശ്യ പ്പെട്ട് പ്രകൃതി സ്നേഹികളിൽ നിന്നും മറ്റു സന്നദ്ധസംഘടനകളിൽ നിന്നും ഒട്ടനവധി പരാതികൾ ലഭിച്ചതിന്റെയടിസ്ഥാനത്തിൽ സമിതി സംസ്ഥാനത്തെ ചില നദീതീരങ്ങൾ സന്ദർശിക്കുകയുണ്ടായി. കോഴിക്കോട് ജില്ലയിലെ കല്ലായിപ്പുഴ, കോരപ്പുഴ, പാലക്കാട് ജില്ലയിലെ കോരയാർപ്പുഴ എന്നിവ സമിതി സന്ദർശിക്കുകയും നദികളുടെ ശോച്യാവസ്ഥ നേരിൽക്കണ്ട് മനസ്സിലാക്കുകയും ചെയ്തു.

സംസ്ഥാനത്തെ നദികളെ സംരക്ഷിക്കുന്നതിനായി സംസ്ഥാന സർക്കാർ പാസ്സാക്കിയ '2001-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ആക്ടി' ലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിൽ ബന്ധപ്പെട്ടവർ വേണ്ടത്ര ശുഷ്കാന്തി കാട്ടുന്നില്ലായെന്നും ആക്ട് പ്രകാരം സ്വരൂപിക്കുന്ന റിവർ മാനേജ്മെന്റ് ഫണ്ട് യഥാവിധം ചെലവഴിക്കുന്നതിൽ വീഴ്ച വരുത്തുന്നു എന്നുമാണ് സമിതിയുടെ നിഗമനം. റിവർ മാനേജ്മെന്റ് ഫണ്ട് യഥാവിധം വിനിയോഗിക്കുകയാണെങ്കിൽ സംസ്ഥാനത്തെ

നദികളുടെ ഇന്നത്തെ ശോച്യാവസ്ഥ പരിഹരിക്കുവാൻ സാധിക്കുമെന്ന് സമിതി വിലയിരുത്തുന്നു. അതിന്റെയടിസ്ഥാനത്തിലാണ് സംസ്ഥാനത്തെ റിവർ മാനേജ്മെന്റ് ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച് പഠനം നടത്തുവാൻ സമിതി തീരുമാനിച്ചത്. പഠനത്തിന്റെ ആദ്യപടിയായി സംസ്ഥാനത്തെ പതിനാലു ജില്ലകളിലെയും റിവർ മാനേജ്മെന്റ് ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച 2005 മുതലുള്ള കണക്കുകൾ ശേഖരിക്കുകയുണ്ടായി. റിപ്പോർട്ടുകൾ യഥാസമയം ലഭ്യമാക്കുന്നതിൽ മിക്ക ജില്ലകളും തികഞ്ഞ അലംഭാവമാണ് കാട്ടിയതെന്ന യാഥാർത്ഥ്യം ഈ അവസരത്തിൽ രേഖപ്പെടുത്തുന്നു. ലഭിച്ച വിവരങ്ങളാകട്ടെ അപൂർണ്ണവും ആവശ്യപ്പെട്ട വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ലാത്തവയും. ഉദാഹരണമായി ചില ജില്ലകളിൽ നിന്നും ലഭിച്ച റിപ്പോർട്ടുകളിൽ പ്രോജക്ടുകളുടെ വിവരണം ഉൾപ്പെടുത്തുകയുണ്ടായില്ല. മറ്റു ചിലവയിൽ ഓരോ വർഷത്തെയും വരവ് രേഖപ്പെടുത്തിയിരുന്നില്ല. 2005 മുതലുള്ള വിവരങ്ങൾ നൽകുവാൻ ചില ജില്ലകൾക്ക് സാധിച്ചതുമില്ല. ഇവയെല്ലാം ഫണ്ട് വിനിയോഗത്തിലെ വീഴ്ചകളായി സമിതി വിലയിരുത്തുന്നു. തുടർന്ന് സമിതി ഇതു സംബന്ധിച്ച് 31-10-2012-ലും 5-12-2012-ലും യോഗം ചേർന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പു നടത്തുകയുണ്ടായി. തെളിവെടുപ്പു സംബന്ധിച്ച വിശദാംശം താഴെപ്പറയും പ്രകാരമാണ് :

## 31-10-2012-ലെ തെളിവെടുപ്പുയോഗം

തെളിവെടുപ്പു യോഗത്തിൽ റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, പരിസ്ഥിതി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി, വ്യവസായ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി, ജലവിഭവ വകുപ്പ് അഡീഷണൽ സെക്രട്ടറി, ജില്ലാ കളക്ടർമാർ എന്നിവർ പങ്കെടുത്തു.

റിവർ മാനേജ്മെന്റ് ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിനായി പതിനാലു ജില്ലകളോടും ആവശ്യപ്പെട്ടെങ്കിലും യഥാസമയം റിപ്പോർട്ടുകൾ ലഭിച്ചില്ലായെന്നും ലഭ്യമാക്കിയ റിപ്പോർട്ടുകളിൽ സമിതിക്കാവശ്യമായ രേഖകൾ ഉൾപ്പെടുത്തിയിരുന്നില്ല എന്നും നദീതീരങ്ങൾ സംരക്ഷിക്കുന്നതിനായി മുള, ആറ്റുവഞ്ചി എന്നിവ നട്ടുപിടിപ്പിക്കുന്ന പദ്ധതിക്കായി പണം ചെലവാക്കിയെങ്കിലും മുളയും ആറ്റുവഞ്ചിയും ഉദ്ദേശിച്ച രീതിയിൽ വളർത്തുന്നതിൽ പദ്ധതി നടത്തിപ്പുകാർ പരാജയപ്പെട്ടു എന്നും റെയ്ഡിനുവേണ്ടി ചില ജില്ലകളിൽ ഭീമമായ ഫണ്ട് ചെലവഴിച്ചതായി കാണുന്നു എന്നും ചില ജില്ലകളിൽ തൂക്കുപാലങ്ങൾ നിർമ്മിക്കുക വഴി റിവർ മാനേജ്മെന്റ് ഫണ്ട് വകമാറ്റി ചെലവഴിച്ചതായും നദികളുടെ സംരക്ഷണത്തിന് പദ്ധതികൾ പലതും നടപ്പാക്കുന്നുണ്ടെങ്കിലും ഫണ്ട് ചെലവാക്കുന്നതല്ലാതെ നദികളിലെ ജലത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടില്ല എന്നും ബോധവൽക്കരണത്തിന് വളരെയധികം തുക ചെലവഴിച്ചെങ്കിലും നദികളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിൽ ഒരു കുറവും വന്നിട്ടില്ല എന്നും ഓരോ വർഷവും റിവർ മാനേജ്മെന്റ് ഫണ്ടിലേക്കു സ്വരൂപിക്കുന്ന തുക എത്രയെന്ന് മിക്ക ജില്ലകളും സമിതിക്കു ലഭ്യമാക്കിയിട്ടില്ല എന്നും സമിതി യോഗത്തിൽ ഹാജരായ ഉദ്യോഗസ്ഥരെ ധരിപ്പിക്കുകയുണ്ടായി.

തെളിവെടുപ്പിൽ നിന്നും സമിതിക്കു ലഭിച്ച വിവരങ്ങൾ താഴെപ്പറയുന്നവയാണ്:

കടവുകളിൽ നിന്നും ഗ്രാമപഞ്ചായത്തുകൾ മണൽ ലേലം ചെയ്തു വിറ്റുകിട്ടുന്ന ഫണ്ടിന്റെ 50% കളക്ടറുടെ ഫണ്ടിലേക്കും 50% ഗ്രാമപഞ്ചായത്തിന്റെ ഫണ്ടിലേക്കും പോകേണ്ടുന്നതാണെങ്കിലും അത് പഞ്ചായത്തുകൾക്ക് ലഭിക്കുന്നില്ല. അനധികൃത മണൽഖനനം തടയുന്നതിന് സ്ക്വാഡ് പ്രവർത്തനത്തിനായി ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നു. ഇതിനായി വാഹനങ്ങൾ വാടകയ്ക്കെടുക്കുകയാണു നിലവിൽ തുടർന്നുവരുന്ന രീതി. ആക്ടിൽ നിഷ്കർഷിക്കുന്ന തരത്തിൽ പദ്ധതികൾ തയ്യാറാക്കുക എന്ന ചുമതല ജില്ലാ വിദഗ്ദ്ധ സമിതിക്കാണ്. മലിനജലം നദികളിലേക്ക് തുറന്നുവിടും മുൻപ് അത് ശുദ്ധീകരിക്കുന്നതിനുവേണ്ട ക്രമീകരണങ്ങൾ ചെയ്യുന്നതു സംബന്ധിച്ച് ആക്ടിൽ പ്രതിപാദിക്കുന്നുണ്ടെങ്കിലും അത്തരം പദ്ധതികൾ തയ്യാറാക്കുന്നതിൽ വിദഗ്ദ്ധ സമിതികൾ പ്രാധാന്യം നൽകുന്നതായി കാണുന്നില്ല. പദ്ധതികൾ അധികവും ഇറിഗേഷൻ വകുപ്പുമൂലമാണ് നിർവ്വഹിക്കപ്പെടുന്നത്. ഇറിഗേഷൻ വകുപ്പിന്റെ പദ്ധതികൾ അധികവും നദികളുടെ കരകൾ കരിങ്കൽ ഭിത്തി നിർമ്മിച്ചു സംരക്ഷിക്കുക, തടയണകൾ കെട്ടുക എന്നിവയാണ്. ചുരുക്കത്തിൽ റിവർ മാനേജ്മെന്റ് ഫണ്ടിന്റെ സിംഹഭാഗവും ഇറിഗേഷൻ വകുപ്പിന്റെ നിർമ്മാണപ്രവർത്തനങ്ങൾക്കാണ് വിനിയോഗിക്കപ്പെടുന്നത്. കഴിവതും ഇറിഗേഷൻ വകുപ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഒഴിവാക്കി പ്രകൃതിസഹജമായ പദ്ധതികൾ നടപ്പാക്കി നദീതീരങ്ങൾ സംരക്ഷിക്കണം എന്നതായിരുന്നു സ്റ്റേറ്റ് ലെവൽ കമ്മിറ്റിയുടെ തീരുമാനമെങ്കിലും ആ തീരുമാനം നടപ്പാക്കുന്നതിൽ ജില്ലാതല കമ്മിറ്റികൾ വേണ്ട പ്രാധാന്യം നൽകിയിട്ടില്ല. ഇപ്പോഴും പദ്ധതികൾ ഇറിഗേഷൻ വകുപ്പിന്റെ പ്രവൃത്തികളായിട്ടാണ് നടന്നുവരുന്നത്.

ആക്ടിലെ വ്യവസ്ഥ പ്രകാരം സെസ്സിന്റെ സഹായത്തോടെ സാന്റ് ആഡിറ്റ് നടന്നുവരുന്നു. ഇരുപത് നദികളിലെ സാന്റ് ആഡിറ്റിംഗും റിവർ ബാങ്ക് പ്രൊട്ടക്ഷനെപ്പറ്റിയുള്ള റിവർ മാപ്പിംഗും നടത്തിവരുന്നു. അഞ്ച് നദികളെ സംബന്ധിച്ച ജോലികൾ പൂർത്തിയായിട്ടുണ്ട്.

സാന്റ് ഓഡിറ്റ് നടത്തി ഓരോ കടവിൽ നിന്നും ശേഖരിക്കാവുന്ന മണലിന്റെ അളവ് തിട്ടപ്പെടുത്തി നൽകുന്നുണ്ടെങ്കിലും അനുവദനീയമായ അളവിന്റെ പതിൻമടങ്ങ് മണൽ അനധികൃതമായി ശേഖരിക്കുന്നതായാണ് കണ്ടുവരുന്നത്. ഇത് നദികളുടെ കരകൾ ഇടിയുന്നതിനും തീരങ്ങളിൽ താമസിക്കുന്നവരുടെ ജീവനും സ്വത്തിനും ഭീഷണിയായിത്തീരുകയും ചെയ്യുന്നു.

District Level Monitoring Committee യാണ് River Management Fund ഉപയോഗിച്ച് നടപ്പാക്കാൻ പോകുന്ന പദ്ധതികളെ സംബന്ധിച്ച തീരുമാനമെടുക്കുന്നത്. ഫണ്ടിന്റെ 90 ശതമാനവും നദീതീര സംരക്ഷണ പ്രവർത്തനങ്ങൾക്കാണ് വിനിയോഗിക്കുന്നതെന്ന് കരുതാനാവില്ല.

## 5-12-2012-ലെ തെളിവെടുപ്പു യോഗം

യോഗത്തിൽ വാട്ടർ റിസോഴ്സസ് സ്പെഷ്യൽ സെക്രട്ടറി, പരിസ്ഥിതി വകുപ്പ് അഡീഷണൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി, ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ എന്നിവർ പങ്കെടുത്തു.

റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് എന്തെങ്കിലും വിഹിതം ലഭിക്കുന്നുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന് യോഗത്തിൽ പങ്കെടുത്ത ഉദ്യോഗസ്ഥർക്ക് വ്യക്തമായ ഉത്തരം നല്കുവാനായില്ല. ജില്ലാതലത്തിൽ പദ്ധതികൾ തയ്യാറാക്കുന്നു എന്നും പദ്ധതികൾ മൈനർ ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ മുഖേന നിർവ്വഹിക്കപ്പെടുന്നുവെന്നും പ്രധാനമായും നടന്നുവരുന്ന പണികൾ കടവുകളുടെ പുനരുദ്ധാരണവും കടവുകളിലേക്കുള്ള റോഡ് നിർമ്മാണവുമാണെന്ന വിവരണമാണ് ലഭിച്ചത്. റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും വിഹിതമൊന്നും ലഭിക്കുന്നില്ല എന്ന മറുപടി അല്ലാതെ ഫണ്ടിൽ നിന്നും വിഹിതം ലഭിക്കുന്നതിന് പഞ്ചായത്തുകൾക്ക് അവകാശമുണ്ടോ എന്നതു സംബന്ധിച്ച് വ്യക്തമായ ധാരണ യോഗത്തിൽ പങ്കെടുത്ത ആർക്കുമില്ലായിരുന്നു. ചുരുക്കത്തിൽ '2001-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ആക്ടി'ലെ വ്യവസ്ഥകളെക്കുറിച്ച് ഉദ്യോഗസ്ഥർക്കാർക്കും ഒരു ധാരണയുമില്ലായിരുന്നു എന്ന് സമിതി വിലയിരുത്തുന്നു. സമിതി യോഗങ്ങളിൽ ഉദ്യോഗസ്ഥർ ഒരു തയ്യാറെടുപ്പുമില്ലാതെ പങ്കെടുക്കുന്നത് സമിതിയോടുള്ള അനാദരവായി കരുതുന്നു.

തെളിവെടുപ്പു യോഗങ്ങളിൽ നിന്നും സമിതി കണ്ടെത്തിയ വിവരങ്ങൾ താഴെപ്പറയും പ്രകാരമാണ് :

അംഗീകൃത കടവുകളിൽ നിന്നും പഞ്ചായത്തു നൽകുന്ന പാസ്സുകളുടെ പിൻബലത്തിൽ അനധികൃതമായി പരിധിയിൽ കവിഞ്ഞ് മണൽ കടത്തിക്കൊണ്ടു പോകുന്നു. ഇതിനുപുറമേ അംഗീകൃത കടവുകളിൽ നിന്നല്ലാതെയും നദികളിൽ നിന്നും മണൽഖനനം നടക്കുന്നു. ഇതിന്റെ ഫലമായി റിവർ മാനേജ്മെന്റ് ഫണ്ടിലേക്കു വരേണ്ടതായ ലക്ഷക്കണക്കിനു രൂപ നഷ്ടമാകുന്നു. ഇത് നദികളുടെ കരകൾ ഇടിയുന്നതിനും നദീതീരങ്ങളിൽ വസിക്കുന്നവരുടെ ജീവനും സ്വത്തിനും ഭീഷണിയുമാകുന്നു. ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ മൗനാനുവാദത്തോടെയാണ് അനധികൃത മണൽഖനനം അധികവും നടക്കുന്നത്.

റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ചുള്ള നദീ സംരക്ഷണ പ്രക്രിയകൾ ഇറിഗേഷൻ വകുപ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങളിൽ മാത്രമായി ഒതുങ്ങുന്നു. ഫണ്ടിന്റെ ഒരു പ്രധാനഭാഗവും നദികളുടെ ഇരുകരകളും കരിങ്കൽഭിത്തി കെട്ടി സംരക്ഷിക്കുവാനാണ് ഉപയോഗിക്കുന്നത്. അനധികൃത മണൽഖനനത്തെ കണ്ണടച്ച് പ്രോത്സാഹിപ്പിക്കുകയും അതിന്റെ ഫലമായി നദിയുടെ കരകൾ ഇടിഞ്ഞ് തീരങ്ങളിൽ താമസിക്കുന്നവരുടെ വീടുകൾക്കും മറ്റും ഭീഷണിയാകുമ്പോൾ അവരുടെ പരാതിയുടെ പിൻബലത്തിൽ കരിങ്കൽഭിത്തി കെട്ടുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കി റിവർ മാനേജ്മെന്റ് ഫണ്ട് ധൂർത്തടിക്കുന്നതിന് ബോധപൂർവ്വമായ ശ്രമം നടക്കുന്നതായി സമിതി സംശയിക്കുന്നു.

വൃക്ഷങ്ങളും മറ്റു സസ്യജാലങ്ങളും വിന്യസിച്ചാണ് പ്രകൃതി നദീതീരങ്ങൾ സംരക്ഷിച്ചു പോരുന്നത്. പ്രകൃതി സൃഷ്ടിച്ച നദികളും അവയുടെ കരകളും ഇന്നും നിലനിന്നുപോരുന്നത് കരകളിലുള്ള ഈ സസ്യജാലങ്ങളുടെ സാന്നിദ്ധ്യം മൂലമാണ്. എന്നാൽ ഇത്തരം പ്രകൃത്യാ ഉളള സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നതിൽ അധികൃതർ താല്പര്യം കാട്ടുന്നതായി കാണുന്നില്ല. സംസ്ഥാനതല സമിതി ഇത്തരം പദ്ധതികൾക്ക് പ്രാധാന്യം നൽകണമെന്ന് നിർദ്ദേശം നൽകിയെങ്കിലും ജില്ലാതല കമ്മിറ്റികൾ ഇത്തരം പദ്ധതികൾ നടപ്പാക്കുന്നതിൽ താല്പര്യം കാട്ടുന്നില്ല. ഇതിനുള്ള കാരണമെന്താണെന്നതാണ് കണ്ടെത്തേണ്ടിയിരിക്കുന്നത്.

റിവർ മാനേജ്മെന്റ് ഫണ്ട് ചെലവിടുന്നതിൽ ശുഷ്കാന്തി കാട്ടുന്നതുപോലെ വരവുചെലവു കണക്കുകൾ വേണ്ടത്ര ഗൗരവത്തോടെ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിൽ ശുഷ്കാന്തി കാട്ടുന്നില്ല എന്നാണ് ചില ജില്ലകളിൽ നിന്നും ലഭിച്ച റിപ്പോർട്ടുകൾ പരിശോധിച്ചതിൽ നിന്നും സമിതിക്കു മനസ്സിലാക്കാൻ കഴിഞ്ഞത്. ഇടുക്കി ജില്ലയുടെ റിപ്പോർട്ട് അതിനുദാഹരണമാണ്. 2005 മുതൽ 2010 വരെയുള്ള കാലഘട്ടത്തിൽ പല വർഷങ്ങളിലെയും കണക്കുകൾ ലഭ്യമാക്കുന്നതിൽ ജില്ലാഭരണകൂടം പരാജയപ്പെട്ടിരിക്കുന്നു.

വർഷംതോറും കോടിക്കണക്കിന് രൂപ റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും ഓരോ ജില്ലയിലും പദ്ധതികൾക്കായും പദ്ധതിയേതര ഇനങ്ങൾക്കായും ചെലവാക്കുന്നുണ്ടെങ്കിലും നദികളിലെ ജലത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ലായെന്നും മറിച്ച് നദികളിലെ ജലത്തിന്റെ മലിനീകരണം വർദ്ധിപ്പിക്കുന്നതായുമാണ് കണ്ടുവരുന്നത്. ഇത് ഫണ്ടിന്റെ ദുരുപയോഗമാണെന്ന് സമിതി വിലയിരുത്തുന്നു.

കോഴിക്കോട് ജില്ലയിൽ Unforeseen items എന്ന ഇനത്തിൽ കോടിക്കണക്കിനു രൂപയാണ് ചെലവഴിച്ചതായി കാണുന്നത്. എന്താണ് Unforeseen items എന്ന നിലയിൽ ഉണ്ടായ ചെലവുകളെന്നു വിശദീകരിക്കുവാൻ സമിതിയിൽ ഹാജരായ ഉദ്യോഗസ്ഥർക്ക് കഴിഞ്ഞില്ല. എന്നുമാത്രമല്ല വിശദമായ വിവരം നൽകാമെന്ന് സമിതിക്ക് ഉറപ്പു നൽകിയെങ്കിലും നാളിതുവരെ ലഭ്യമാക്കിയിട്ടില്ല.

ചില ജില്ലകളിലെ ഫണ്ടിൽ നിന്നും മറ്റു ജില്ലകളിലേക്ക് തുക കൈമാറ്റം ചെയ്തതായി കാണുകയുണ്ടായി. ഇങ്ങനെ ചെയ്യുന്നതിന് വ്യക്തമായ ഉത്തരവുകൾ ഉണ്ടായിരുന്നതായി യോഗത്തിൽ പങ്കെടുത്ത ഉദ്യോഗസ്ഥർക്കു വ്യക്തമാക്കുവാൻ കഴിഞ്ഞില്ല. അങ്ങനെ കൈമാറി നൽകുവാൻ ആക്ടിൽ വ്യവസ്ഥയുണ്ട് എന്നതായിരുന്നു മറുപടി. എന്നാൽ ഒരു ജില്ലയിൽ ആവശ്യത്തിനു ഫണ്ടുള്ള സാഹചര്യത്തിലും മറ്റൊരു ജില്ലയിൽ നിന്നും തുക കൈമാറി നല്കിയതിനുള്ള കാരണമെന്താണെന്നു വ്യക്തമാക്കേണ്ടതുണ്ട്. റിവർ മാനേജ്മെന്റ് ഫണ്ട് ഏതെല്ലാം പ്രവൃത്തികൾക്കാണ് ചെലവഴിക്കേണ്ടതെന്നതു സംബന്ധിച്ച് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ ആക്ടിൽ നൽകിയിട്ടുണ്ടെങ്കിലും ഫണ്ട് വകമാറ്റി ചെലവഴിച്ച സാഹചര്യങ്ങൾ ഉണ്ടായിട്ടുളളതായി സമിതിക്ക് ബോധ്യമായി. ഇത്തരം പ്രവൃത്തികൾക്ക് വ്യക്തമായ ഉത്തരവുകൾ ഒന്നും ലഭിച്ചിരുന്നില്ല എന്ന് സമിതി മനസ്സിലാക്കുന്നു.

## ശുപാർശകൾ/നിർദ്ദേശങ്ങൾ

1. '2001-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ആക്ടി'ലെ ചട്ടം 17 (1) പ്രകാരം ജില്ലാ കളക്ടർ കടവോ നദീതീരമോ പരിപാലിക്കുന്നതിനാവശ്യമായ എല്ലാ ചെലവുകളും വഹിക്കുന്നതിലേക്കായി റിവർ മാനേജ്മെന്റ് ഫണ്ട് എന്ന പേരിൽ ഒരു ഫണ്ട് വച്ചുപോരേണ്ടതാണെന്നും 17(2) പ്രകാരം തദ്ദേശാധികാര സ്ഥാപനങ്ങൾ മണൽ വിൽപ്പനയിലൂടെ സ്വരൂപിക്കുന്ന തുകയുടെ അൻപത് ശതമാനം ജില്ലാ കളക്ടർ വച്ചുപോരുന്ന റിവർ മാനേജ്മെന്റ് ഫണ്ടിലേക്ക് നല്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്യുന്നു. ബാക്കിവയ്ക്കുന്ന അൻപതുശതമാനം തുക തദ്ദേശഭരണസ്ഥാപനങ്ങൾ എന്തിനുവേണ്ടി വിനിയോഗിക്കുന്നു എന്നും നദികളുടെ സംരക്ഷണത്തിനുവേണ്ടി ഈ തുക ചെലവഴിക്കുന്നുണ്ടോ എന്നും വ്യക്തമല്ല. അതിനാൽ പ്രസ്തുത തുക നദികളിലെ മലിനീകരണം തടയുന്നതിനും നദികളുടെ സംരക്ഷണത്തിനുമായി വിനിയോഗിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2. റിവർ മാനേജ്മെന്റ് ഫണ്ടിന്റെ അൻപത് ശതമാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു നല്കുന്നു എന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നദീതീര സംരക്ഷണത്തിനായി പ്രസ്തുത തുക ചെലവഴിക്കുന്നു എന്നും തെളിവെടുപ്പ് യോഗത്തിൽ ഹാജരായ റവന്യൂ വകുപ്പിൽ നിന്നുള്ള ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ളവർ വ്യക്തമാക്കിയിരുന്നെങ്കിലും തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ഹാജരായവർക്ക് ഇതുസംബന്ധിച്ച ഒരു വിവരവും ഇല്ല എന്നതാണ് സമിതിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. അതിനാൽ ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ചുള്ള വ്യക്തമായ ധാരണ വിവിധ വകുപ്പുകൾ തമ്മിലുണ്ടാകണമെന്നും അതനുസരിച്ച് ഫണ്ട് വിനിയോഗം സാധ്യമാകണമെന്നും സമിതി നിർദ്ദേശിക്കുന്നു.

3. റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ചു പ്രാവർത്തികമാക്കുന്ന പദ്ധതികൾക്ക് രൂപം നല്കുന്നത് ആരെന്നും അതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സ്ഥാനം എന്താണെന്നും വ്യക്തമാക്കേണ്ടതുണ്ട്. പദ്ധതികൾ തയ്യാറാക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിർദ്ദേശങ്ങൾക്ക് കൂടുതൽ പ്രാധാന്യം നല്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

4. ആക്ട് പ്രകാരം കടവോ നദീതീരമോ സംരക്ഷിക്കുന്നതുമാത്രമാണ് റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിക്കുവാൻ വ്യവസ്ഥ ചെയ്യുന്നത്. കടവുകളും നദീതീരങ്ങളും മാത്രം സംരക്ഷിച്ചതുകൊണ്ട് ഒരു നദി പൂർണ്ണമായും സംരക്ഷിക്കപ്പെടുന്നില്ല. അതിനെ മലിനമാക്കുന്ന എല്ലാ ഘടകങ്ങളേയും തടയുക കൂടിവേണം. ആയതിനാൽ നദികളിലേക്കൊഴുകുന്ന മലിനജലത്തെ ശുദ്ധീകരിക്കുന്നതിനാവശ്യമായ പദ്ധതികൾ പഞ്ചായത്തു തലങ്ങളിൽ ആവിഷ്കരിച്ചു നടപ്പിലാക്കുന്നതിനും ഫണ്ട് ഉപയോഗപ്പെടുത്തുന്നതിനാവശ്യമായ ഭേദഗതികൾ കൊണ്ടുവരണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

5. റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് നദികളുടെ കരകൾ കരിങ്കൽഭിത്തി കെട്ടി സംരക്ഷിക്കുന്ന പ്രക്രിയയാണ് ഇപ്പോൾ പ്രധാനമായും കണ്ടുവരുന്നത്. ഈ പ്രക്രിയ അനുസ്യൂതം തുടർന്നാൽ നദികൾ ക്രമേണ കനാലുകളായി മാറുന്ന

അവസ്ഥയിലെത്തിച്ചേരുന്നതാണ്. അതിനാൽ നദീതീരങ്ങൾ പ്രകൃതിയുടെ സംരക്ഷണ രീതികൾ അവലംബിച്ച് മുള, ഈറ, രാമച്ചം തുടങ്ങിയ പുല്ലുവർഗ്ഗത്തിലുള്ള ചെടികൾ നട്ടുവളർത്തി സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾക്കു രൂപം നല്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

6. റിവർ മാനേജ്മെന്റ് ഫണ്ട് നദിയുടെ സ്വാഭാവികാവസ്ഥ നിലനിറുത്തുന്നതി നാവശ്യമായ പദ്ധതികൾക്കാണ് ഉപയോഗിക്കേണ്ടത്. ഇതിൽ നദികളിലെ ജലത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്ന പദ്ധതികളും ഉൾപ്പെടുത്തേണ്ടതാണ്. ഇത്തരം പദ്ധതികളുടെ നടത്തിപ്പും പുരോഗതിയും സംബന്ധിച്ച കാര്യങ്ങൾ സമിതിക്ക് പഠിക്കേണ്ടതായുണ്ട്. അതിനാൽ ഭാവിയിൽ ഇത്തരം പദ്ധതികൾക്ക് ഊന്നൽ നല്കുന്നതിനായി ആക്ടിൽ ഭേദഗതി ആവശ്യമെങ്കിൽ അതിനാവശ്യമായ നടപടി സ്വീകരിക്കുകയും പദ്ധതികളുടെ നടത്തിപ്പും പുരോഗതിയും സംബന്ധിച്ച വിവരങ്ങൾ ഓരോ വർഷവും സമിതിക്ക് നല്കേണ്ടതുമാണ്.

7. റിവർ മാനേജ്മെന്റ് ഫണ്ടിന്റെ വാർഷിക ആഡിറ്റ് ഇപ്പോൾ നിർവ്വഹിച്ചു വരുന്നത് ചാർട്ടേർഡ് അക്കൗണ്ടന്റുമാർ മുഖേനയാണ്. സർക്കാരിന്റെയും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെയും കണക്കുകൾ ആഡിറ്റ് ചെയ്യുന്നത് സർക്കാരിന്റെ നിലവിലെ സംവിധാനമുപയോഗിച്ചാണ്. സർക്കാർ സ്ഥാപനങ്ങളുടെ കണക്കുകൾ ആഡിറ്റ് ചെയ്യുവാൻ നിലവിൽ സംവിധാനങ്ങൾ ഉള്ളപ്പോൾ റിവർ മാനേജ്മെന്റ് ഫണ്ട് ആഡിറ്റ് ചെയ്യുന്ന ജോലി മാത്രം ചാർട്ടേർഡ് അക്കൗണ്ടന്റുമാരെ ഏല്പിക്കുന്ന തിലെ സാംഗത്യം സമിതിക്കു മനസ്സിലാകുന്നില്ല. ആയതിനാൽ റിവർ മാനേജ്മെന്റ് ഫണ്ടിന്റെ ആഡിറ്റിംഗ് ജോലികളും സർക്കാരിന്റെ നിലവിലെ സംവിധാനമുപയോഗിച്ചു നിർവ്വഹിക്കുന്നതിനുവേണ്ടതായ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

8. ആക്ടിൽ വിവക്ഷിക്കുംപ്രകാരം നദികളിലെ മണലിന്റെ അളവ് കാലാ കാലങ്ങളിൽ സെസ്സിന്റെ സഹായത്തോടെ തിട്ടപ്പെടുത്തേണ്ടതും **(Sand Audit)** അളവിൽ കവിഞ്ഞ് മണൽഖനനം നടത്തുന്നില്ല എന്നു ഉറപ്പുവരുത്തേണ്ടതുമാണ്. അനധികൃതമായി മണൽഖനനം നടത്തുന്നവർക്കെതിരെ ശക്തമായ നിയമനടപടി സ്വീകരിക്കുന്നതോടൊപ്പം ഇത്തരം പ്രവൃത്തികൾക്ക് കൂട്ടുനില്ക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കേണ്ടതുമാണ്.

9. അനധികൃത മണൽഖനനം തടയുന്നതിനുള്ള റെയ്ഡിനായി സ്വകാര്യ വാഹനങ്ങൾ വാടകയ്ക്കെടുക്കുന്ന രീതിയാണ് നിലവിലുള്ളത്. വാഹനങ്ങളുടെ വാടക, ടയർ വാങ്ങുന്നതുൾപ്പെടെയുള്ള മെയിന്റനൻസ് എന്നിവയ്ക്ക് വ്യാപകമായി ഫണ്ട് ദുരുപയോഗം ചെയ്തതായി സമിതി മനസ്സിലാക്കി. ഇത് റിവർ മാനേജ്മെന്റ് ഫണ്ടിന്റെ അതിരുവിട്ട ചെലവിന് ഇടയാക്കുന്നതായി ഓരോ ജില്ലയിലേയും കണക്കു കൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാവുകയുണ്ടായി. ഇതുമൂലം ഉദ്ദേശിക്കുന്ന ഫലം ഉണ്ടാകുവാൻ സാധ്യതയുള്ളതായും സമിതിക്ക് അഭിപ്രായമില്ല. റെയ്ഡ് സംബന്ധിച്ച വിവരങ്ങൾ രഹസ്യമായി മണൽഖനനം ചെയ്യുന്നവർ അറിയുവാൻ ഇത് കാരണമാകുന്നതാണ്. ആകയാൽ റെയ്ഡിനായി ഫണ്ടുപയോഗിച്ച് അവശ്യം വേണ്ട വാഹനങ്ങൾ വാങ്ങുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

10. റിവർ മാനേജമെന്റ് ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച വിഷയം കൈകാര്യം ചെയ്യുന്നത് പ്രധാനമായും റവന്യൂ, തദ്ദേശസ്വയംഭരണം, ഇറിഗേഷൻ, പരിസ്ഥിതി എന്നീ വകുപ്പുകൾ സംയുക്തമായിട്ടാണ്. ഇത് ഫണ്ടുപയോഗിച്ചുള്ള പദ്ധതികളുടെ നടത്തിപ്പിനെ പ്രതികൂലമായി ബാധിക്കുമെന്നതിൽ സംശയമില്ല. ഫണ്ട് കൈകാര്യം ചെയ്യുന്നതിൽ കാര്യക്ഷമതയോടെയുള്ള മേൽനോട്ടം അനിവാര്യമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഇതിലേക്കായി State River and Wet Land Authority എന്ന പേരിൽ ഒരു അതോറിറ്റി രൂപീകരിക്കണം എന്നും സംസ്ഥാന ത്തിന്റെ വിസ്തീർണ്ണവും നദികളുടെ എണ്ണവും കണക്കിലെടുത്ത് അതോറിറ്റിയുടെ കീഴിൽ മേഖലാടിസ്ഥാനത്തിൽ River and Wet Land ബോർഡുകൾ രൂപീകരിക്കണ മെന്നും സമിതി ശുപാർശ ചെയ്യുന്നു.

11. സെസ്സ് മണൽ ഓഡിറ്റ് നടത്തിയതിൽ സംസ്ഥാനത്തെ മുഴുവൻ നദികളി ലേയും ഓരോ കടവുകളിലും അനുവദിച്ചതിന്റെ എത്രയോ ഇരട്ടി മണൽ കള്ളക്കട ത്തായി പോകുന്നുണ്ടെന്ന് വെളിപ്പെട്ടിരിക്കുന്നു. റിവർ മാനേജ്മെന്റ് ഫണ്ടുവഴി സർക്കാരിലേക്കുവരുന്ന കോടിക്കണക്കിനു രൂപയാണ് ഇത്തരത്തിൽ നഷ്ടപ്പെടുന്നത്. മുഴുവൻ നദികളിലെയും മണൽ ഓഡിറ്റ് ഉടൻ പൂർത്തിയാക്കി അനധികൃതമായി ഒരു ലോഡ് മണലും എടുക്കാത്തവിധം സർക്കാർ നടപടി സ്വീകരിക്കേണ്ടതാണ്. മണൽ മാഫിയയെ ഇല്ലായ്മ ചെയ്യുന്നതിന് സർക്കാർ കർശന നടപടി സ്വീകരിക്കേണ്ടതാണ്.

12. നഗരങ്ങളിലെയും ഗ്രാമങ്ങളിലേയും മലിനജലം ചെന്നുചേരുന്നത് നദികള ടക്കമുള്ള ജലാശയങ്ങളിലാണ്. ഈ മലിനജലം ശുദ്ധീകരിക്കാൻ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് റിവർ മാനേജ്മെന്റ് ഫണ്ട് കൂടി ഉപയോഗപ്പെടുത്തി സർക്കാ രിന്റെ കൂടി സാമ്പത്തിക സഹായത്താൽ പദ്ധതികൾ ആവിഷ്ക്കരിക്കുകയും നിശ്ചിത സമയത്ത് അവ പൂർത്തിയാക്കുകയും ചെയ്യേണ്ടതാണ്. ഇതിൽ പരാജയപ്പെടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മേധാവികളെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരേയും പ്രോസിക്യൂട്ട് ചെയ്യുവാനും ശിക്ഷ നൽകുവാനും നിയമം ഭേദഗതി ചെയ്യേണ്ടതാണ്.

13. പത്ത് വർഷത്തെ റിവർ മാനേജ്മെന്റ് ഫണ്ടിന്റെ വരവും ചെയ്ത പ്രവൃത്തികളുടെ ചെലവിന്റെയും കണക്കുകൾ ആവർത്തിച്ചാവശ്യപ്പെട്ടിട്ടും നൂറ് ശതമാനവും ലഭ്യമായിട്ടില്ല. ഇതുതന്നെ ദുരൂഹമായ കാര്യമാണ്. റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിക്കേണ്ട നിലവിലുള്ള ഉത്തരവുകൾ പാലിക്കാതിരിക്കുക, അനാവശ്യ ചെലവുകൾ ചെയ്യുക, വ്യാപകമായ അഴിമതി നടത്തുക എന്നിവ ഉണ്ടാ യിട്ടുണ്ടെന്ന് സമിതി കരുതുന്നു. സർക്കാരിന്റെ കണക്കുകൾ C&AGയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കണക്കുകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പും പരിശോധിക്കുന്ന സ്ഥിതി വിട്ട് റിവർ മാനേജ്മെന്റ് ഫണ്ട് മാത്രം സാധാരണ ഓഡിറ്റർമാരെക്കൊണ്ട് ഓഡിറ്റ് ചെയ്യുന്നതിന്റെ കാരണം വ്യക്തമല്ല. C&AG റിപ്പോർട്ടുകൾ നിയമസഭയുടെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയും ലോക്കൽ ഫണ്ട് അക്കൗണ്ട്സ് റിപ്പോർട്ടുകൾ നിയമസഭയുടെ ലോക്കൽ ഫണ്ട് അക്കൗണ്ട്സ്

**കമ്മിറ്റിയും പരിശോധിക്കാറുണ്ട്. എന്നാൽ റിവർ മാനേജ്മെന്റ് ഫണ്ടിന്റെ വിനിയോഗമോ ഓഡിറ്റ് റിപ്പോർട്ടോ വേണ്ടത്ര പരിശോധന നടത്തുന്നില്ലെന്ന് സമിതിക്ക് ബോധ്യപ്പെട്ടിരിക്കുന്നു. ആയതിനാൽ കഴിഞ്ഞ പത്ത് വർഷത്തെ റിവർ മാനേജ്മെന്റ് ഫണ്ടിന്റെ വിനിയോഗത്തെ സംബന്ധിച്ച് നടന്ന ക്രമക്കേടുകളെപ്പറ്റി വിജിലൻസ് അന്വേഷണം നടത്തണമെന്ന് സമിതി സർക്കാരിനോട് ശുപാർശ ചെയ്യുന്നു.**

സി. പി. മുഹമ്മദ്,

*ചെയർമാൻ,*
*പരിസ്ഥിതി സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2012 ഡിസംബർ, 17.